**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 651** **30-01-2024 - ൽ മറുപടിയ്ക്ക്**

**അമ്പലമുകൾ പെട്രോകെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | ഒന്നാംഘട്ട നിർമ്മാണത്തിന്റെ 31% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ റോഡുകൾ, അഡ്മിൻ ബിൽഡിംഗ്, ഗേറ്റ്, മഴവെള്ള ഡ്രെയിനേജ്, ഫയർ വാട്ടർ സമ്പ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി 202 കോടി രൂപ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 49,63,22,035/- രൂപ ഇതിനോടകം ചെലവഴിച്ചു കഴിഞ്ഞു. |
| (സി) | പാർക്കിന്റെ ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | ഷെഡ്യൂൾ പ്രകാരം പദ്ധതിയുടെ ഒന്നാം ഘട്ടം 2024 ജൂലൈ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ